"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ തേവലക്കര വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1170/2026/RD തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.02.2026 തീയതിയിലെ എൽ.ആർ/11764/2024-എൽആർ(ജി7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ തേവലക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി 12/07/2021 മുതൽ 24/03/2023 വരെ താൽക്കാലികമായി തേവലക്കര വില്ലേജിൽ മുള്ളിക്കാല മുറിയിൽ മറവരയ്യത്ത് വീട്ടിൽ അയൂബ് വൈ പേരിലും സിംഫണി ലൈബ്രറി, ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ പേരിൽ കരം ഒടുക്കി വരുന്നതും തേവലക്കര ബ്ലോക്ക് നം. 15 ൽ റീസർവെ നം. 349/5-3 ൽ തേവലക്കര ഗ്രാമപഞ്ചായത്തിലെ X/7-ാം നമ്പറിലുൾപ്പെട്ടതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നു.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 30 ച.മീറ്ററിന് ആനുപാതികമായി 3,770/- രൂപയും ഒക്കൂപൈഡ് കാർപ്പെറ്റ് ഏരിയയായ 49.314 ച.മീറ്ററിന് ആനുപാതികമായി 6,197/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. തേവലക്കര വില്ലേജിൽ രണ്ട് റീസർവെ ബ്ലോക്ക് ഉള്ളതും ടി രണ്ട് ബ്ലോക്കുകളിലുമായി 63740 തണ്ടപ്പേരുകൾ നിലവിലുള്ളതുമാണെന്നും ജനസാന്ദ്രത കൊണ്ടും ഭൂവിസ്തൃതികൊണ്ടും വളരെ വലിയ വില്ലേജാകയാൽ വില്ലേജ് ഓഫീസ് പ്രവർത്തനങ്ങൾക്ക് സ്ഥലം അപര്യാപ്തമായിരുന്നുവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ ടി കെട്ടിടത്തിന്റെ ഒക്കൂപൈഡ് കാർപ്പെറ്റ് ഏരിയയായ 49.314 ച.മീറ്ററിന് 12/07/2021 മുതൽ 24/03/2023 വരെ പ്രതിമാസം 6,197/- രൂപ വാടക നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ തേവലക്കര വില്ലേജ് ഓഫീസ് 12/07/2021 മുതൽ 24/03/2023 വരെ താൽക്കാലികമായി

പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 49.314 ച.മീറ്ററിന് ആനുപാതികമായി പ്രതിമാസം 6,197/- രൂപ (ആറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-F2/87/2026-REV)

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 29-06-2026 17:52:42